(എ) എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കിയോ എന്ന് അറിയിക്കാമോ ; എന്തുകൊണ്ടാണ് അവ ആരംഭിക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം താലൂക്കാശുപത്രികളിലാണ് ഇനിയും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാത്തത് എന്നും പ്രസ്തുത യൂണിറ്റ് ആരംഭിക്കണമെങ്കിൽ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടതെന്നും അറിയിക്കാമോ ;

(സി) ചേർത്തല താലൂക്കാശുപത്രിയിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും അവിടെ ആയത് ആരംഭിക്കുന്നതിന് ആശുപത്രി അധികൃതർ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും എന്നത്തേക്ക് പ്രസ്തുത യൂണിറ്റ് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) നിലവിൽ ഹരിപ്പാട്, തൊട്ടപുഴ, തിരുരങ്ങാടി, പൊന്നാനി, ഒറ്റപ്പാലം, കുറ്റ്യാടി, പേരാമ്പ്ര, താമരശ്ശേരി, വൈത്തിരി എന്നിവ ഒഴികെയുള്ള താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവും ഡയാലിസിസ് മെഷിനുകളും അവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരും ഈ യൂണിറ്റ് പ്രവർത്തിക്കുന്നതിന് ആവശ്യമാണ്.

(സി) നിലവിൽ കെട്ടിട സൗകര്യങ്ങളോ, ജീവനക്കാർ ഉൾപ്പടെ അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ല. ടി ആശുപത്രിയിൽ നിലവിലുള്ള ട്രോമാകെയർ കെട്ടിടത്തിനുമുകളിൽ മുൻ കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ ചെലവിൽ ഡയാലിസിസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല.

കാൻസർ രോഗ നിയന്ത്രണം

38 (4841) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കാൻസർ രോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർരോഗ ചികിത്സാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാൻസർ രോഗം നിയന്ത്രിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് റീജിയണൽ കാൻസർ സെന്ററുകളെ ശക്തിപ്പെടുത്തുകയും പുതിയ കാൻസർ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കാൻസർ ചികിത്സ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലേയും ഒരു പ്രധാന ആശുപത്രിയിൽ ജില്ലാ കാൻസർ കെയർ സെന്റർ അനുവദിച്ചു. ഈ സെന്ററിലൂടെ രോഗനിർണ്ണയവും കീമോതെറാപ്പിയും നൽകിവരുന്നു. കാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ ജില്ലകളിലും വാർഷി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ആശാ പ്രവർത്തകർ, കുടുംബശ്രീ വോളന്റിയർമാർ എന്നിവരെ സഹകരിപ്പിച്ചുകൊണ്ട് പ്രത്യേക കാൻസർ സ്ക്രീനിംഗ് പരിപാടികൾക്ക് ആരോഗ്യവകുപ്പ് പദ്ധതി ഒരുക്കിയിട്ടുണ്ട്.

കാൻസർ ബോധവൽക്കരണ പ്രവർത്തനവും സ്കൂൾ കോളേജ്തലത്തിൽ ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്നു.

കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാൻസർ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കാൻ തീരുമാനിച്ചു.

സംസ്ഥാനത്ത് കാൻസർ രോഗനിയന്ത്രണത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആർ.സി.സി.യുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സംസ്ഥാനത്തൊട്ടാകെ കാൻസർ ബോധനക്ലാസ്സുകളും കാൻസർനിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

കുടുംബശ്രീയും ആർ.സി.സി.-യും സംയുക്തമായി നടപ്പാക്കുന്ന "സ്വാസ്ഥ്യം" പദ്ധതി പ്രകാരം കേരളത്തിലുടനീളം കാൻസർ ബോധവൽക്കരണം, മുൻകൂർ രോഗനിർണ്ണയ പരിശോധനകൾ എന്നിവ നടപ്പിലാക്കാൻ കഴിയും. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ലോക അർബുദ ദിനത്തിൽ (2015 ഫെബ്രുവരി 4)

LIBRARY ARCHIVES Kerala Legislative Assembly

നടക്കുകയുണ്ടായി. ജില്ലാതലത്തിലുള്ള പദ്ധതിക്ക് പത്തനംതിട്ട ജില്ലയിൽ ജൂൺ മാസത്തിൽ തുടക്കമിട്ടു. കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്തി കാൻസർ ബോധന സന്ദേശം വീടുവീടാന്തരം എത്തിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മലബാർ കാൻസർ സെന്ററിൽ താഴെപ്പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ് :

- ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലേറ്റർ, എക്കൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോകെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോബയോളജി വിഭാഗം.
- 4ഡി സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.എ സ്കാനർ, സി.ടി.സ്കാൻ, 500 എം.എ. എക്സ്റേമെഷീനും അൾട്രാ സൗണ്ട് സ്കാനറും ഡിജിറ്റൽ എക്സറേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.
- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം
- ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം
- എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രാങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.
- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.
- കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.
- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും ഡോക്ടർമാർക്കും എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.
- 125 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെകീഴിൽ കാൻസർ ബോധവൽക്കരണത്തിനും കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെകീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സനൽകാൻകഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻവഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർവിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

(ബി) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കാൻസർ രോഗ ചികിത്സാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനായി സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ത്രിതല കെയർ സെന്ററിന്റെ (മിനി ആർ.സി.സി.) പ്രവർത്തനത്തിനുള്ള നടപടികൾ നടന്നുവരുന്നു.

കാൻസർ കെയർ സെന്ററുകൾ

39 (4842) ശ്രീ. എസ്. ശർമ്മ :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാൻസർ ടെർഷ്യറി കെയർ സംവിധാനമേർപ്പെടുത്തുന്നതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ;

(ബി) കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കാനായി സ്വീകരിച്ച നടപടികളും അതിനായി ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ;

(സി) കൊച്ചി കാൻസർ കെയർ സെന്റർ യാഥാർത്ഥ്യമാക്കാനായി ഇതുവരെ എന്തൊക്കെകാര്യങ്ങൾ ചെയ്തെന്നും സെന്റർ എന്നത്തേക്ക് പ്രവർത്തന ക്ഷമമാകുമെന്നും അറിയിക്കാമോ ;